(സി) കേന്ദ്ര സർക്കാർ പ്രകൃതിദുരന്തങ്ങളായി കണക്കാക്കപ്പെട്ടിട്ടുള്ള ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, ഭൂമി കലുക്കം, വരൾച്ച, തീപിടിത്തം, സുനാമി, ആലിപ്പഴ വർഷം, ശൈത്യതരംഗം, ഹിമപാതം, ഹിമാഘാതം, കീടാണുബാധ, മേഘ വിസ്ഫോടനം എന്നിവയെക്കുറിച്ച് വിശകലനം ചെയ്യുവാനും സാധ്യമായവയെക്കുറിച്ച് മുന്നറിയിപ്പ് നൽകുവാനും ദുരന്ത പ്രതികരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനുമാണ് പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനും ദുരന്ത പ്രതികരണ നടപടികൾ ഏകോപിപ്പിക്കുന്നതിനുമായി സാങ്കേതികവും ഇന്റഗ്രേറ്റഡ് ഡിസിഷൻ സപ്പോർട്ട് സംവിധാനത്തോടുകൂടിയതുമായ വിവര സാങ്കേതിക വിനിമയ സംവിധാനം സംസ്ഥാനത്ത് ഒരുക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ഏകോപനത്തിനും പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ഹെഡ് ക്വാർട്ടേഴ്സ് പണി കഴിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

പ്രകൃതിദുരന്തങ്ങൾ മൂലമുണ്ടായ നാശനഷ്ടങ്ങൾ

135 (1165) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം കനത്ത മഴയും പ്രകൃതി ദുരന്തങ്ങളും കടൽക്ഷോഭവും നിമിത്തമുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ നാശനഷ്ടങ്ങൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രകൃതിദുരന്തങ്ങൾമൂലം നാശനഷ്ടങ്ങൾ നേരിട്ടവർക്കും ഭവനരഹിതരായവർക്കും എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് ; ഇതുസംബന്ധിച്ച് ലഭിച്ച അപേക്ഷകൾ എത്ര ; തീരുമാനങ്ങൾ എടുത്തവയെത്ര ;

(സി) ഭവനരഹിതരായവരെ പുനരധിവസിപ്പിക്കുന്നതിനും അടിയന്തരസഹായം ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അവലോകനം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. 17644-ഓളം അപേക്ഷകൾ ലഭ്യമായതിൽ 10067-ഓളം അപേക്ഷകളിൽ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

(സി) ഭവനരഹിതരായവരെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിനും അടിയന്തര ധനസഹായം അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രകൃതി ദുരന്തത്തിൽ നഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാര തുക

136 (1166) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രകൃതി ദുരന്തത്തിൽ നഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാര തുക ഉയർത്താനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ ; വിശദമാക്കാമോ ; ഉത്തരവുകൾ ലഭ്യമാക്കാമോ ?

ഉത്തരം

പ്രകൃതി ദുരന്തത്തിൽ നഷ്ടം സംഭവിച്ചവർക്കുള്ള ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കാലാനുസൃതമായി കേന്ദ്ര സർക്കാർ ആണ് പുറപ്പെടുവിക്കുന്നത്. അതനുസരിച്ചുള്ള പുതിയ കേരള സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

താലൂക്ക് രൂപീകരണം

137 (1169) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) പത്ത് ഗ്രാമപഞ്ചായത്തുകളും രണ്ട് ബ്ലോക്ക് പഞ്ചായത്തുകളും ഉൾപ്പെടുന്ന നെന്മാറ നിയോജകമണ്ഡലത്തിൽ പുതിയ താലൂക്ക് അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) നിലവിൽ ഇതിനായി ഏതെങ്കിലും തരത്തിലുള്ള സർവ്വെ നടത്തിയിട്ടുണ്ടോ : എങ്കിൽ വിശദാംശം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly